# സമഭാവനയുടെ തണൽമരം

ടി. ആരിഫലി (അമീർ, ജമാഅത്തെ ഇസ്‌ലാമി കേരള)

**1995-ൽ** വിഴിഞ്ഞം കലാപത്തെത്തുടർന്ന് പ്രദേശത്ത് ജമാഅത്തെ ഇസ്‌ലാമി നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിശദീകരിക്കാനും സർക്കാർ നടപടികളെക്കുറിച്ച് സംസാരിക്കാനും വേണ്ടി മുഖ്യമന്ത്രി എ.കെ ആന്റണിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു. ആന്റണി അന്ന് മുഖ്യമന്ത്രിയായി ചുമതലയേറ്റിരുന്നെങ്കിലും എം.എൽ.എ ആയിരുന്നില്ല. വരാനിരിക്കുന്ന തിരൂരങ്ങാടി ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കാൻ പോവുകയാണ്. വിഴിഞ്ഞം കലാപത്തിന്റെ പശ്ചാത്തലത്തിൽ, തിരൂരങ്ങാടി പോലുള്ള ഒരു മണ്ഡലത്തിലെ സാധ്യതകളെക്കുറിച്ച് ഞാൻ അദ്ദേഹവുമായി സംസാരിച്ചു. തികഞ്ഞ ആത്മവിശ്വാസത്തോടെ അദ്ദേഹം പറഞ്ഞു: 'ഞാൻ അങ്ങോട്ട് പോയില്ലെങ്കിലും കുഴപ്പമില്ല, വിജയിക്കും. ശിഹാബ് തങ്ങൾ എല്ലാം ഉറപ്പ് തന്നിട്ടുണ്ട്'.

മുസ്‌ലിം ലീഗിന് പുറത്തുള്ള നേതാക്കൾക്ക് വരെ ശിഹാബ് തങ്ങളിലുള്ള വിശ്വാസത്തിന്റെയും അടുപ്പത്തിന്റെയും ഒരുപാട് ഉദാഹരണങ്ങളിൽ ഒന്ന് മാത്രമാണിത്. വിശ്വാസ്യതയുള്ള രാഷ്ട്രീയ നേതാവ് എന്നത് നമ്മുടെ രാഷ്ട്രീയ കാലാവസ്ഥയിൽ അപൂർവമായൊരു ബഹുമതി തന്നെയാണ്. അൽപം പോലും ഉലച്ചിലില്ലാതെ ആ പദവി മൂന്നരപ്പതിറ്റാണ്ടിലേറെ അനുഭവിക്കാൻ കഴിഞ്ഞതാണ് ശിഹാബ് തങ്ങളുടെ വ്യതിരിക്തത. സാധാരണക്കാരും നേതാക്കളും പാർട്ടിക്കാരും പാർട്ടി ശത്രുക്കളുമെല്ലാം അദ്ദേഹത്തെ അകമേ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ജനാസ അവസാന നോക്ക് കാണാൻ ഒഴുകിപ്പരന്നെത്തിയ ജനസഹസ്രങ്ങളും അവരുടെ വികാര പ്രകടനങ്ങളും അതു തന്നെയാണ് കാണിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയും മുസ്‌ലിം ലീഗും പരസ്പരം പിണങ്ങിയ പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. രണ്ട് കൂട്ടരുടെയും രാഷ്ട്രീയ നിലപാടുകൾക്കിടയിൽ സംഘർഷങ്ങൾ സാധാരണമാണ്. എന്നാൽ ഈ സംഘർഷങ്ങൾ വ്യക്തിബന്ധങ്ങളെ സ്വാധീനിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അസ്വസ്ഥത പ്രകടിപ്പിക്കുന്ന ഒരു വാക്ക് പോലും അദ്ദേഹം മൊഴിഞ്ഞില്ല എന്നത് എന്തു മാത്രം പ്രസാദാത്മകമായ അനുഭവമാണ്. 1998ലെ ഐതിഹാസികമായ ഹിറാ സമ്മേളനം ഓർമ്മയിൽ വരുന്നു. സമ്മേളന തീയതിയും സ്ഥലവും തീരുമാനിച്ചു. അത് പുറത്ത് പ്രഖ്യാപിക്കുന്നതിന് മുമ്പു തന്നെ പാണക്കാട്ട് പോയി ശിഹാബ് തങ്ങളെ കാണുകയും വിവരം അറിയിക്കുകയും പ്രാർഥിക്കാൻ അഭ്യർഥിക്കുകയും ചെയ്തു. വളരെ സന്തോഷത്തോടെയാണ് അദ്ദേഹം അന്ന് ഞങ്ങളെ സ്വീകരിച്ചത്. സമ്മേളന വിജയത്തിന് അദ്ദേഹം സർവവിധ ആശംസകളും നേർന്നു. ആർക്കും ഏത് സമയത്തും എത്തിപ്പിടിക്കാൻ പറ്റുന്ന ദൂരത്ത് മാത്രമേ അദ്ദേഹം നിന്നുള്ളൂ.

ജമാഅത്തെ ഇസ്‌ലാമി കേരളയുടെ അധ്യക്ഷ സ്ഥാനം ഏറ്റെടുത്തതിന് ശേഷം നിരവധി വേദികളിൽ അദ്ദേഹവുമായി ഒന്നിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ചും മുസ്‌ലിം സംഘടനകളുടെ പല സ്വഭാവത്തിലുള്ള പൊതുവേദികളിലും കൂട്ടായ്മകളിലും. അത്തരം വേദികളിൽ ഈയുള്ളവൻ നടത്തിയ പ്രസംഗങ്ങളെ ഒന്നിലധികം തവണ അദ്ദേഹം അഭിനന്ദിച്ചതും അതിനെക്കുറിച്ച് അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമായി സംസാരിച്ചതും സന്തോഷപൂർവം ഓർക്കുകയാണ്. മറ്റുള്ളവരെ അംഗീകരിക്കുന്നതിലും ആശീർവദിക്കുന്നതിലും അദ്ദേഹം തരിമ്പും പിശുക്ക് കാണിച്ചില്ല. കലങ്ങി മറിയുന്ന രാഷ്ട്രീയത്തിൽ ഇടപെടുന്ന ഒരാൾ എപ്പോഴും സൗമ്യ സാന്നിധ്യമായി തന്നെ ഇരിക്കുന്നുവെന്നത് വലിയൊരു അദ്ഭുതം തന്നെയാണ്.

മതപരവും കർമശാസ്ത്രപരവുമായ അഭിപ്രായ വൈവിധ്യങ്ങൾക്കും വൈരുധ്യങ്ങൾക്കുമപ്പുറത്ത് എല്ലാ വിഭാഗക്കാരെയും കൂട്ടിപ്പിടിക്കാൻ കഴിഞ്ഞുവെന്നത് തന്നെയാണ് ശിഹാബ് തങ്ങളുടെ ഏറ്റവും വലിയ സംഘാടന മികവ്. സുന്നികളും മുജാഹിദുകളും ഉൾക്കൊള്ളുന്ന ലീഗിനെ ഒരു ഉറച്ച സുന്നിയായിക്കൊണ്ട് തന്നെ അദ്ദേഹം ഐക്യത്തോടെ മുന്നോട്ട് നയിച്ചു. മുസ്‌ലിം ഐക്യം അദ്ദേഹത്തിന്റെ വളരെ വലിയൊരു പ്രവർത്തന മേഖലയായിരുന്നു. ശിഹാബ് തങ്ങൾ ബാക്കിവെച്ച ഏറ്റവും വലിയ സുകൃതം ഏതെന്ന ചോദ്യത്തിന്റെ ഏറ്റവും ആദ്യത്തെ ഉത്തരവും ഇതു തന്നെയായിരിക്കും. മുസ്‌ലിം ലീഗും അതിന്റെ നേതൃത്വവും മുഴുവൻ മുസ്‌ലിം സംഘടനാ നേതൃത്വവും ഈ പാഠം ആവർത്തിച്ചുറപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം.

മുസ്‌ലിം ഐക്യത്തോടൊപ്പം വ്യത്യസ്ത സമുദായങ്ങൾ തമ്മിലുള്ള ഇഴയടുപ്പത്തിനും അദ്ദേഹം മുന്തിയ പരിഗണന നൽകി. സമുദായ മൈത്രിയുടെ കേരളത്തിലെ അംബാസഡറായി അദ്ദേഹം നിലകൊണ്ടു. അതിരുകടന്ന വാദങ്ങളെ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതിനാൽ തന്നെ എല്ലാ സമുദായക്കാരും അദ്ദേഹത്തെ സ്നേഹിച്ചു. രാഷ്ട്രീയ നേതാവെന്ന പോലെ മത നേതാവുമായിരുന്നു ശിഹാബ് തങ്ങൾ. മഹല്ലുകളുടെ ഖാദിയായിരുന്നു അദ്ദേഹം. എന്നാൽ ഈ മതവ്യക്തിത്വം ഉയരത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു തന്നെ വ്യത്യസ്ത മതവിഭാഗങ്ങളുമായി അടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. മതസഹിഷ്ണുതക്ക് മതത്തെ ഒഴിവാക്കണമെന്ന, പരമ്പരാഗത മതേതര കാഴ്ചപ്പാടിന് വിരുദ്ധമായ സന്ദേശമാണ് തന്റെ ജീവിതത്തിലൂടെ അദ്ദേഹം ആവിഷ്കരിച്ചത്. തികഞ്ഞ മതഭക്തനായിക്കൊണ്ടുതന്നെ മതാതീതമായ സ്നേഹം അദ്ദേഹം ഉയർത്തിപ്പിടിച്ചു.

ശിഹാബ് തങ്ങളുടെ വിയോഗം നമുക്കെല്ലാവർക്കും ആഴമേറിയ നഷ്ടമാണ്. മുസ്‌ലിം ലീഗ് നേതൃത്വത്തിന് കനത്ത ഭാരമാണ് ഇനി എടുക്കാനുള്ളത്. മൂന്നരപ്പതിറ്റാണ്ട് കാലം സംഘടനക്ക് ലഭിച്ച വലിയൊരു തണലാണ് പൊടുന്നനെ ഇല്ലാതായിരിക്കുന്നത്. പക്ഷേ, വെയില് കൊള്ളുമ്പോൾ ഏത് പ്രസ്ഥാനവും കൂടുതൽ ശക്തിപ്പെടും. ശിഹാബ് തങ്ങൾ വെട്ടിയ പാതയിൽ കൂടുതൽ തന്മയത്വത്തോടെ മുന്നോട്ടു പോകാൻ ലീഗിന് സാധിക്കട്ടെ എന്ന് ആശംസിക്കുകയാണ്. ശിഹാബ് തങ്ങൾ കാണിച്ച വിശാലതയുടെയും സഹിഷ്ണുതയുടെയും പാഠങ്ങൾ തന്നെയായിരിക്കും ലീഗിന് ഇനിയും വഴികാട്ടിയാവുക.

ശിഹാബ് തങ്ങളുടെ കുടുംബത്തെ അനുശോചനമറിയിക്കുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയുംചെയ്യുന്നു. അല്ലാഹു ശിഹാബ് തങ്ങളെയും നമ്മളെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ. ■